## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി കുമാർ ഐഎഎസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഐസിഡിഎസ് - അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി - ഐ.സി.ഡി.എസ് പ്രോജക്ടുകൾ, പ്രോഗ്രാം ഓഫീസുകൾ എന്നിവിടങ്ങളിലെ 2025-26 സാമ്പത്തിക വർഷത്തെ POL ചാർജജ്, കരാർ വാഹന വാടക - രണ്ടാം ക്വാർട്ടറിലെ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:

1. ഈ കാര്യാലയത്തിലെ 28.04.2025, 07.05.2025 തിയതികളിലെ മേൽ നമ്പർ ഉത്തരവുകൾ.
2. 14 ജില്ല വനിത ശിശുവികസന ഓഫീസർമാരിൽ നിന്നും ലഭ്യമായിട്ടുള്ള വിവിധ തീയതികളിലെ കത്തുകൾ

**ഉത്തരവ് നം. DWCD/2396/2025-ICDSA1 തീയതി: 16-08-2025**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി PFMS മുഖേന നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസുകളിലും എല്ലാ പ്രോഗ്രാം ഓഫീസുകളിലും സബ്സിഡിയറി സീറോ ബാലൻസ് അക്കൗണ്ട് അരംഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ലഭ്യമാകുന്ന കേന്ദ്ര സംസ്ഥാന വിഹിതം തുകകൾ വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള 40341101052949 (IFS CODE KLGB0040341) എന്ന SNA അക്കൗണ്ടിൽ നിക്ഷേപിച്ച് വരുന്നു.

2025-26 സാമ്പത്തിക വർഷം POL ചാർജ്ജിനും കരാർ വാഹന വാടകയ്ക്കായി പ്രോഗ്രാം ഓഫീസുകൾക്കും ഐ.സി.ഡി.എസ് പ്രോജക്ടുകൾക്കും ഒന്നാം ക്വാർട്ടറിൽ ആകെ 1,06,48,264/- രൂപ (ഒരു കോടി ആറു ലക്ഷത്തി നാല്പത്തിയെട്ടായിരത്തി ഇരുന്നൂറ്റി അറുപത്തി നാല് രൂപ മാത്രം) പരാമർശം (1) പ്രകാരം അനുവദിച്ചിട്ടുണ്ട്.

ജില്ല വനിത ശിശുവികസന ഓഫീസർമാർ 2025-26 സാമ്പത്തിക വർഷം ഒന്നാം ക്വാർട്ടറിൽ അനുവദിച്ച തുകയുടെ ചെലവ് വിവരം ലഭ്യമാക്കുകയും, രണ്ടാം ക്വാർട്ടറിൽ POL ചാർജ്ജിനും, കരാർ വാഹന വാടകയ്ക്കുമായി (2025 ജൂലൈ മാസം മുതൽ സെപ്റ്റംബർ മാസം വരെ) ആകെ **1,03,34,225/-** രൂപ അനുവദിച്ച് നൽകുന്നതിനും പരാമർശം (2) പ്രകാരം

ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

| ക്രമ നം | ജില്ല | POL charge നായി രണ്ടാം ക്വാർട്ടറിൽ ആവശ്യമുള്ള തുക | Hire charge നായി രണ്ടാം ക്വാർട്ടറിൽ ആവശ്യമുള്ള തുക | രണ്ടാം ക്വാർട്ടറിൽ ആകെ ആവശ്യമുള്ള തുക |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 0 | 14,16,880/- | 14,16,880/- |
| 2 | കൊല്ലം | 0 | 5,75,847/- | 5,75,847/- |
| 3 | പത്തനംതിട്ട | 15,000/- | 4,19,475/- | 4,34,475/- |
| 4 | ആലപ്പുഴ | 0 | 1,94,665/- | 1,94,665/- |
| 5 | കോട്ടയം | 0 | 6,42,779/- | 6,42,779/- |
| 6 | ഇടുക്കി | 0 | 44,0951/- | 44,0951/- |
| 7 | എറണാകുളം | 0 | 4,89,285/- | 4,89,285/- |
| 8 | തൃശ്ശൂര് | 0 | 6,72,555/- | 6,72,555/- |
| 9 | പാലക്കാട് | 45,000/- | 6,08,248/- | 6,53,248/- |
| 10 | മലപ്പുറം | 0 | 14,64,585/- | 14,64,585/- |
| 11 | കോഴിക്കോട് | 0 | 10,61,409/- | 10,61,409/- |
| 12 | വയനാട് | 30,000/- | 5,30,926/- | 5,60,926/- |
| 13 | കണ്ണൂര് | 0 | 10,78,989/- | 10,78,989/- |
| 14 | കാസര്ഗോഡ് | 0 | 6,47,631/- | 6,47,631/- |
| | **ആകെ** | **90,000/-** | **1,02,44,225/-** | **1,03,34,225/-** |

ജില്ല വനിത ശിശുവികസന ഓഫീസർമാരുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ 2025-26 സാമ്പത്തിക വർഷത്തെ രണ്ടാം ക്വാർട്ടറിൽ സ്വന്തം വാഹനമുള്ള പ്രോഗ്രാം ഓഫീസുകൾ, ഐസിഡിഎസ് പ്രോജക്ടുകൾ എന്നിവയ്ക്ക് POL ചാർജ്ജിനത്തിൽ 90,000/- രൂപയും (തൊണ്ണൂറായിരം രൂപാ മാത്രം) കരാർ വാഹനമുള്ള പ്രോഗ്രാം ഓഫീസുകൾ, ഐസിഡിഎസ് പ്രോജക്ടുകൾ എന്നിവയ്ക്ക് കരാർ വാഹന വാടകയിനത്തിൽ **1,02,44,225/-** രൂപയും (ഒരു കോടി രണ്ട് ലക്ഷത്തി നാല്പത്തിനാലായിരത്തി ഇരുന്നൂറ്റി ഇരുപത്തിയഞ്ച് രൂപാ മാത്രം) ചേർത്ത് ആകെ **1,03,34,225/-** രൂപ (ഒരു കോടി മൂന്ന് ലക്ഷത്തി മുപ്പത്തിനാലായിരത്തി ഇരുന്നൂറ്റി ഇരുപത്തിയഞ്ച് രൂപാ മാത്രം) മേൽ പട്ടികയിൽ വിവരിക്കും പ്രകാരം അതത് ജില്ല വനിത ശിശുവികസന ഓഫീസർമാർക്ക്

അനുവദിച്ച് ഉത്തരവാകുന്നു.

പ്രോഗ്രാം ഓഫീസുകൾക്കും, ഐസിഡിഎസ് പ്രോജക്ടുകൾക്കും POL ചാർജ്ജിനത്തിൽ ആവശ്യമായ 90,000/- രൂപയും, കരാർ വാഹന വാടക ഇനത്തിൽ ആവശ്യമായ **1,02,44,225/-** രൂപയും ചേർത്ത് രണ്ടാം ക്വാർട്ടറിൽ ആകെ ആവശ്യമായ **1,03,34,225/-** രൂപ **(ഒരു കോടി മൂന്ന് ലക്ഷത്തി മുപ്പത്തിനാലായിരത്തി ഇരുന്നൂറ്റി ഇരുപത്തിയഞ്ച് രൂപാ മാത്രം)** വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള 40341101052949 (IFS CODE KLGB0040341) എന്ന SNA അക്കൗണ്ടിൽ നിന്നും അതത് ജില്ലാ വനിത ശിശുവികസന ഓഫീസർക്ക് PFMS മുഖേന ലിമിറ്റ് സെറ്റ് ചെയ്ത് നൽകേണ്ടതാണ്.

ഈ തുക PFMS ൽ രജിസ്റ്റർ ചെയ്തിട്ടുള്ള hiring for vehicles /petrols, oil & lubricant of vehicles എന്ന കമ്പോണന്റിൽ നിന്നും ചെലവഴിക്കേണ്ടതാണ്. ജില്ല വനിത ശിശുവികസന ഓഫീസർമാർ ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്കും, ശിശുവികസന പദ്ധതി ഓഫീസർമാർക്കും ആവശ്യമായ തുക PFMS മുഖേന ലിമിറ്റ് സെറ്റ് ചെയ്ത് നൽകേണ്ടതും, തുക PFMS മുഖേന ചെലവഴിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

മേൽ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, ചെലവ് വിവരം എന്നിവ താമസംവിന ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശുവികസന ഡയറക്ടർ**

എല്ലാ ജില്ല വനിത ശിശുവികസന ഓഫീസർമാർക്കും,

പകർപ്പ് :

1. സൂപ്രണ്ട് അക്കൗണ്ട്സ് സെക്ഷൻ
   (PFMS ൽ ലിമിറ്റ് സെറ്റ് ചെയ്ത് ഫണ്ട് അനുവദിക്കുന്നതിലേക്ക്)
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്